**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1593** **08-12-2022 - ൽ മറുപടിയ്ക്ക്**

**പട്ടയം ലഭ്യമാക്കുന്നതിന് പ്രത്യേക പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | അർഹരായ എല്ലാവർക്കും പട്ടയം ലഭ്യമാക്കുന്നതിനുള്ള പ്രത്യേക പദ്ധതി തയ്യാറാക്കുമോ , വിശദമാക്കുമോ; | (എ) | എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട് എന്ന ലക്ഷ്യത്തിലാണ് റവന്യൂ വകുപ്പ് മുന്നോട്ട് പോകുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്ന് ഒരു വർഷ കാലയളവിനുള്ളിൽ 54,535 പട്ടയങ്ങൾ നൽകിയിട്ടുണ്ട്. ഇനിയും അവശേഷിക്കുന്ന പട്ടയ അപേക്ഷകൾ ത്വരിത ഗതിയിൽ തീരുമാനം കൈക്കൊണ്ട് പട്ടയം വിതരണം ചെയ്യുന്നതിനായി ഒരു മിഷൻ മോഡ് പ്രവർത്തനം വകുപ്പ് വിഭാവനം ചെയ്യുന്നുണ്ട്. നടപ്പു വർഷം മലയോര ആദിവാസി മേഖലകൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനമാണ് നടത്തുന്നത്. ലാൻഡ് ട്രൈബ്യൂണലുകളിൽ അവശേഷിക്കുന്ന അപേക്ഷകൾ തീർപ്പാക്കുന്നതിനും ലക്ഷ്യം വയ്ക്കുന്നുണ്ട്. അർഹരായ എല്ലാവർക്കും പട്ടയം നൽകുക എന്നതാണ് ലക്ഷ്യം. |
| (ബി) | കാവ്, പുറമ്പോക്ക്, കുളം പുറമ്പോക്ക് എന്നീ പേരുകളിൽ റവന്യൂ രേഖയിൽ കാണുന്ന ഭൂമിക്ക് പട്ടയം നൽകുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; എങ്കിൽ ആയവ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് വിശദമാക്കുമോ; | (ബി) | തരിശ് ഇനത്തിൽ വരുന്ന പുറമ്പോക്കുകളാണ് പതിവിനു വിധേയം. സംരക്ഷിത കാവായി വനം വകുപ്പ് നോട്ടിഫൈ ചെയ്തിട്ടുള്ള കാവുകൾ പതിവിനു വിധേയമല്ല. റവന്യൂ വകുപ്പിൽ കാവുപുറമ്പോക്കുകളായി രേഖപ്പെടുത്തിയിട്ടുള്ളതും എന്നാൽ കാലാകാലങ്ങളായി വീട് വച്ച് താമസിച്ചു വരുന്നതുമായ ഭൂമി വനം വകുപ്പിന്റെ നിരാക്ഷേപ പത്രം ലഭ്യമാക്കി, ഇനം മാറ്റം നടത്തി തരിശാക്കി പതിവു നടപടി നടത്തുന്നതാണ്. കുളം പുറംമ്പോക്ക് നിലവിലെ ചട്ട പ്രകാരം പതിവിനു വിധേയമല്ല. എന്നാൽ രേഖകളിൽ കുളം പുറമ്പോക്ക് എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പഞ്ചായത്ത് രാജ് ആക്ട് നിലവിൽ വരുന്നതിനും മുൻപ് ദീർഘകാലമായി കൈവശം വച്ചു വരുന്നതും കുളത്തിന് സമീപത്തല്ലാത്തതുമായ ഭൂമി, പതിവിന് അർഹതയുള്ളവർക്ക് പതിച്ചു നൽകുന്നത് നിയമപരമായി പരിശോധിച്ചു വരികയാണ്. |

| | | | |
|---|---|---|---|
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പട്ടയങ്ങൾ നൽകിയിട്ടുണ്ട് എന്ന് വിശദമാക്കുമോ; | (സി) | 54,535 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. |
| (ഡി) | റീസർവെ അപാകതകൾ പരിഹരിക്കുന്നതിന് പ്രത്യേക നടപടികൾ സ്വീകരിക്കുമോ എന്ന് വിശദമാക്കുമോ? | (ഡി) | എൽ.ആർ.എം പരാതികളിൻമേൽ ബന്ധപ്പെട്ട താലൂക്കുകളിലെ ഭൂരേഖ തഹസിൽദാർ മുഖേന നടപടികൾ പൂർത്തിയാക്കി അപാകതകൾ പരിഹരിച്ചു വരുന്നു. എൽ.ആർ.എം പരാതികൾ ദ്രുതഗതിയിൽ പരിഹരിക്കുന്നതിനായി സർവ്വെയർമാർക്ക് ഓരോ മാസവും 50 അപേക്ഷകൾ വീതം തീർപ്പാക്കുന്നതിന് ടാർജറ്റ് നൽകിയിട്ടുണ്ട്. കൂടാതെ താലൂക്കുകളിൽ അദാലത്ത് നടത്തി മുഴുവൻ പരാതികളും സമയബന്ധിതമായി തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ